# പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്

(സാന്നിധ്യം. സ്നേഹിൽ കുമാർ സിംഗ് ഐ.എ.എസ്)

വിഷയം:- പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - തമിഴ് ഭാഷാ ന്യൂനപക്ഷ മേഖലകളിലെ ഹൈസ്കൂൾ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ- പ്രധാനാധ്യാപകരുടേയും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടേയും പൊതു സ്ഥലംമാറ്റം (2026-2027) - അനുവദിച്ച് ഉത്തരവാകുന്നു

പരാമർശം:- ഈ കാര്യാലയത്തിൽ നിന്നുള്ള 08/06/2026- ലെ ഉത്തരവ് നമ്പർ. DGE/8325/2026-D.

## ഉത്തരവ് നമ്പർ ഡി.ജി.ഇ/8325/2026-ഡി4 തീയതി : 16-07-2026

പൊതുവിദ്യാഭ്യാസ വകുപ്പിൽ, തമിഴ് ഭാഷാ ന്യൂനപക്ഷ മേഖലകളിലെ (ഹൈസ്കൂളുകളിലെ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ) പ്രധാനാധ്യാപകരുടേയും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടേയും, 2026-27 അദ്ധ്യയന വർഷത്തെ പൊതു സ്ഥലംമാറ്റത്തിനുള്ള സാധ്യതാ പട്ടിക മേൽ പരാമർശം അനുസരിച്ച് ഈ കാര്യാലയത്തിൽ നിന്നും പ്രസിദ്ധീകരിച്ച് കൊണ്ട് ഉത്തരവായിരുന്നതും, ആയതിലുള്ള ആക്ഷേപങ്ങൾ/പരാതികൾ സമർപ്പിക്കുന്നതിനുള്ള അവസരം നൽകിയിരുന്നതുമാണ്. മേൽ പ്രകാരം, ലഭ്യമായ ആക്ഷേപങ്ങൾ/പരാതികൾ അർഹമായ രീതിയിൽ പരിഗണിച്ച് തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

2) ഈ സാഹചര്യത്തിൽ, പൊതുവിദ്യാഭ്യാസ വകുപ്പിലെ തമിഴ് ഭാഷാ ന്യൂനപക്ഷ മേഖലകളിലെ (ഹൈസ്കൂളുകളിലെ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ) പ്രധാനാധ്യാപകരുടേയും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടേയും, 2026-27 അദ്ധ്യയന വർഷത്തേക്കുള്ള പൊതു സ്ഥലംമാറ്റം ചുവടെ ചേർക്കും പ്രകാരം അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | പ്രധാന അദ്ധ്യാപകന്റെ പേരും, ഇപ്പോൾ ചുമതല വഹിക്കുന്ന സ്കൂളിന്റെ പേരും | സ്ഥലം മാറ്റം അനുവദിക്കുന്ന സ്കൂളിന്റെ/ ഓഫീസിന്റെ പേര് | ഒഴിവിന്റെ സ്വഭാവം |
|---|---|---|---|
| 1. | ജെ.ജഗൻലാൽ ബാബു<br>പ്രധാനാധ്യാപകൻ<br>ജി.എച്ച്.എസ്.<br>കുവക്കാട് | ഗവ. തമിഴ്.<br>വി.എച്ച്.എസ്.എസ്.<br>ചാല, തിരുവനന്തപുരം | നിലവിലുള്ള ഒഴിവ് |
| 2. | ശിവകുമാർ.റ്റി<br>പ്രധാനാധ്യാപകൻ<br>ജി.എച്ച്.എസ്.<br>ഉടുമ്പൻചോല | ജി.വി.എച്ച്.എസ്.എസ്.<br>& റ്റി.റ്റി.ഐ, കുമളി | നിലവിലുള്ള ഒഴിവ് |

തമിഴ് ഭാഷാ ന്യൂനപക്ഷ മേഖലകളിലെ (ഹൈസ്കൂളുകളിലെ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ) പ്രധാനാധ്യാപകർ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് സ്ഥലംമാറ്റം നൽകികൊണ്ടുള്ള മേൽ ഉത്തരവ്, അതത് സ്കൂൾ/ഓഫീസുകളിൽ ഒഴിവ് നിലവിൽ വരുന്ന ക്രമത്തിൽ പ്രാബല്യത്തിൽ വരുന്നതും, സ്ഥലംമാറ്റം ലഭിച്ച പ്രധാന അധ്യാപകർ സമയബന്ധിതമായി പുതിയ ലാവണത്തിൽ ചട്ടപ്രകാരം ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. സ്ഥലംമാറ്റം ലഭിച്ച പ്രധാന അധ്യാപകർ പുതിയ ലാവണത്തിൽ ജോലിയിൽ പ്രവേശിച്ച വിവരം അതത് വിദ്യാഭ്യാസ ഉപഡയറക്ടർ മുഖാന്തിരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ് :

മേൽ പ്രകാരമുള്ള എല്ലാ പ്രധാന അധ്യാപകർക്കും
(ഔദ്യോഗിക വെബ്സൈറ്റ് /വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന)

പകർപ്പ് :

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്
2. വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം, കൊല്ലം, ഇടുക്കി
3. കരുതൽ ഫയൽ

Digitally signed by
SNEHIL KUMAR SINGH
Date: 16-07-2026
17:15:58